നമ്പർ : LSGD/JD/MPM/3066/2025-H1

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: jdlsgdmpm@gmail.com
ഫോൺ: 0483-2734838
തീയ്യതി: 30-07-2025

24.06.2025 ന് രാവിലെ 10.30 ന് ഓൺലൈനായി ചേർന്ന മലപ്പുറം ഉപജില്ലാ അദാലത്ത് സമിതി-4 ൻറെ യോഗ നടപടിക്രമങ്ങൾ

**ഹാജർ**

1. നാരായണൻ.പി, ഐ.വി.ഒ
2. ശ്രീ.ഷഹജി -ഡെപ്യൂട്ടി ടൌൺപ്ലാനർ
3. ശ്രീ.ആദർശ് ,അസി. സെക്രട്ടറി, മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്
4. ശ്രീ.ഫിറോസ്
5. ശ്രീമതി.റോഷിൻ കോശി-സെക്രട്ടറി, പോരൂർ ഗ്രാമ പഞ്ചായത്ത്
6. അബ്ദുൽ കരീം കണ്ണിയൻ
7. ശ്രീ. ജിനേഷ് സീനിയർ ക്ലർക്ക് കുറുവ ഗ്രാമപഞ്ചായത്ത്

<u>**അജണ്ട**</u>

<u>**കുറുവ ഗ്രാമപഞ്ചായത്ത്**</u>

**1.BPMPM40942000039**-കുറുവ ഗ്രാമപഞ്ചായത്തിൽ ശ്രീ. ഫിറോസ് & ഫെബിന പുതിയത്ത് ഹൌസ് എന്നവരുടെ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി എന്ന് രേഖപ്പെടുത്തിയ 5 സെന്റ് നിലം ഭൂമിയിൽ നിർമിച്ച വീടിന് നമ്പർ അനുവദിച്ചില്ല എന്നത് സംബന്ധിച്ച പരാതി.

<u>**തീരുമാനം**</u>

കുറുവ ഗ്രാമ പഞ്ചായത്തിൽ നിന്നും അദാലത്തിൽ ആരും പങ്കെടുത്തില്ല. ആയതിനാല് പഞ്ചായത്തിൻറെ ഭാഗം കേൾക്കുന്നതിനു ഫയലുമായി നേരിട്ട് ഓഫീസിൽ ഹാജരാവുന്നതിനു നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 08/07/2025 തിയ്യതിയിൽ സെക്ഷൻ ക്ലാർക്ക് നേരിട്ട് ഹാജരായി. ഹരജിക്കാരൻ

പഞ്ചായത്തിൽ കെട്ടിട നമ്പറിനു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാന് വീടുൾപ്പെടുന്ന റി.സ 16/1 ൽ പെട്ട സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാൽ തരംമാറ്റിയ ശേഷം അപേക്ഷ സമർപ്പിക്കാൻനിർദ്ദേശിച്ചതായി ക്ലാർക്ക് ബോധിപ്പിച്ചു.

സമിതി വിഷയം പരിശോധിച്ചു. ഹർജിക്കാരൻ സ്ഥലം ഉൾപ്പെടുന്ന റി. സ 16/1 സർവേയിൽ പെട്ട ഭൂമി മുഴുവനും 25 വർഷം മുമ്പ് തരം മാറ്റപ്പെട്ടതാണെന്ന് 2013 ൽ തയ്യാറാക്കിയ ഡാറ്റാ ബേങ്കിൽ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്.2008 ലെ തണ്ണീർതട നിയമ പ്രകാരം ഡാറ്റാ ബേങ്കിൽ ഉൾപ്പെടാത്തതും 2008 നു മുമ്പ് നികത്തപ്പെട്ടതുമായ 10 സെൻറിൽ കുറഞ്ഞ ഭൂമിയിൽ 120ച.മി വിസ്തിയുള്ള വാസഗൃഹങ്ങൾക്ക്അനുമതി നൽകാവുന്നതാണെന്ന് പ്രതിപാദിക്കുന്നുണ്ട്.

സമാനമായ കേസിൽ ബഹു. പെരിന്തൽമണ്ണ സബ് കളക്ടർ, സർക്കാർ ഉത്തരവ് (സാധാ) 4592/2017/റവന്യൂ തിയ്യതി 31/10/2017 പ്രകാരം 03/9/20 നു കരുവാരക്കുണ്ട് പഞ്ചായത്ത് കൃഷി ഓഫീർക്ക് നൽകിയ സ്പഷ്ടീകരണത്തിൽ മേൽ ഉത്തരവ് പ്രകാരം തിരുത്തിയ ഡാറ്റാ ബേങ്ക് പ്രസിദ്ധീകരിക്കുന്നതിനും ആയതുവരെ 2008 നു മുമ്പ് "തരംമാറ്റിയതായി" ഡാറ്റാ ബേങ്കിൽ രേഖപ്പെടുത്തിയ ഭൂമികൾ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയായി കണക്കാക്കുവാനും ഫോം 5 ൻറെ ആവശ്യം ഇല്ലാത്തതുമാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ, തിരുത്തിയ ഡാറ്റാ ബേങ്ക് 2018 നു ശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഇപ്രകാരം തിരുത്തിയ ഡാറ്റാ ബേങ്കിൽ ഹരജിക്കാരൻരെ സ്ഥലം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ തരം മാറ്റാൻഹരജിക്കാരനോട് നിർദ്ദേശിക്കാനും അല്ലാത്ത പക്ഷം, ബഹു. പെരിന്തൽമണ്ണ സബ് കളക്ടറുടെ 03/9/2020 ലെ സ്പഷ്ടീകരണത്തിൻറെ അടിസ്ഥാനത്തിൽ ഹരജിക്കാരൻറെ സ്ഥലം 25 വർഷം മുമ്പ് തരം മാറ്റപ്പെട്ടതാണെന്ന് ഉറപ്പാക്കി കെട്ടിട നിർമാണ ചട്ടം പ്രകാരം ടിയാളുടെ അപേക്ഷ പരിഗണിച്ച് നമ്പർ അനുവദിക്കുന്നതിനും സെക്രട്ടിയോട് നിര്ദ്ദേശിച്ച സമിതി തീരുമാനിച്ചു.

**2.മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്** BPMPM40944000012- ശ്രീമതി. തങ്ക മുതൽ പേർ,കോലോത്തൊടി ഹൌസ് വെട്ടത്തുപറമ്പ്- കെട്ടിട നമ്പർ അനുവദിച്ചില്ല എന്ന ശ്രീമതി. തങ്ക ,കോലോത്തൊടി ഹൌസ് വെട്ടത്തുപറമ്പ് എന്നവരുടെ പരാതി.

**തീരുമാനം:-** ശ്രീമതി. തങ്ക കോലോത്തൊടി വീട് വെട്ടത്തുപറമ്പ് എന്നവർസമർപ്പിച്ച

പരാതി 24/06/25 തിയ്യതിയിൽ ചേർന്ന സ്ഥിരം ഉപജില്ലാ അദാലത്ത് സമിതി പരിഗണിച്ചു. മക്കരപറമ്പ് പഞ്ചായത്തിൽ 4 വാർഡിൽ ഉൾപെട്ട വെള്ളാട്ട് പറമ്പ് എന്ന സ്ഥലത്ത് വീട് നിർമ്മിക്കുകയും ആയതിനു നമ്പർ അനുവദിക്കുന്നതിനു സമർപ്പിച്ച അപേക്ഷയിൽ അനുകൂല നടപടി ആവാത്തതു സംബന്ധിച്ചാണ് പരാതി .

അദാലത്തിൽ സ്ഥിരം അംഗങ്ങളും ഗ്രാമ പഞ്ചായത്തിൽ നിന്നും സെക്ഷൻ ക്ലാർക്കും പങ്കെടുത്തു. പരാതിക്കാരിയുടെ ഭാഗത്ത് നിന്നും ആരും പങ്കെടുത്തില്ല.

ശ്രീമതി. തങ്ക മുതൽ പേരുടെ വീടിനു നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷ ഓവർസിയർ പരിശോധിക്കുകയും കിഴക്ക്ഭാഗത്ത് നടപ്പാതയിൽ അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ കെട്ടിടത്തിൽ നിന്നും അതിർത്തിയിലേക്കുള്ള അകലം പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കില്ലെന്നും ആയതിനാൽ തർക്കം പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനു അപേക്ഷകയ്ക്ക് നിർദ്ദേശം നൽകുകയും സ്ഥലത്തിൻറെ സ്കെച്ച് ഹാജരാക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ളതായി അസി.സെക്രട്ടറി അറിയിച്ചു.

അദാലത്ത് സമിതി വിഷയം പരിശോധിച്ചു.പരാതിക്കാരിയുടെ സ്ഥലത്തിൻറെ കിഴക്കേ അതിരിലൂടെ 2.8 മീറ്റർ വീതിയിൽ 75 മീറ്ററിൽ താഴെ നീളമുള്ള നടപ്പാത കടന്നുപോകുന്നുണ്ട്. നടപ്പാത റസിഡൻഷ്യൽ പ്ലോട്ടിൽ അവസാനിക്കുന്നു. പ്രസ്തുത നടപ്പാതയിൽ നിന്നും ടിയാളുടെ വീടിൻറെ ബേസ്മെൻറിലേക്ക്, സമർപ്പിച്ച പ്ലാൻ പ്രകാരം ഏറ്റവും കുറഞ്ഞ ദൂരം 1.2മീറ്ററും കൂടിയ അകലം 2.4 മീറ്ററും കാണിച്ചിട്ടുണ്ട്. KPBR റൂൾ 23 പ്രകാരം 75 മീറ്ററിൽ കുറഞ്ഞ കൾഡിസാക്കിൽ നിന്നും കെട്ടിടത്തിലേക്കുള്ള മിനിമം ദൂരം 1.50 മീറ്റർ ആണ്. പ്ലോട്ടിൽ ഇതു ലഭ്യമാണോ എന്ന് അറിയേണ്ടതുണ്ട്. ആയതിലേക്ക് സ്ഥലത്തിൻറെ സ്കെച്ച് ആവശ്യമാണ്.സ്കെച്ച് ഹാജരാക്കാൻ ആവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്നും പരാതിക്കാരിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും സ്കെച്ച് ഹാജരാക്കിയതായി കാണുന്നില്ല.

ആയതിനാൽ അടിയന്തിരമായി സ്കെച്ച് ഹാജരാക്കുന്നതിന് ഒരു ഓർമകുറിപ്പ് കൂടി പരാതിക്കാരിക്ക് നൽകുന്നതിനും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം. KPBR റൂൾ 23 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയോട് നിർദ്ദേശിച്ചുതീരുമാനിച്ചു.

അജണ്ട-3

**<u>പോരൂർ ഗ്രാമപഞ്ചായത്ത്</u>**

1. BPMPM40909000022-ശ്രീ. അഹമ്മദ് നജീബ് കണ്ണിയൻ എന്നവരുടെ പരാതി -. 28/05/2020 ന് ഹർജിക്കാരൻ പോരൂർഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തൻവർഷത്തെ ഭൂനികുതി രശീതി അപേക്ഷയോടൊപ്പം ഹാജരാക്കാത്തതിനാൽ പെർമിറ്റ് അനുവദിചിട്ടില്ലെന്നും സംബന്ധിച്ച്.

**തീരുമാനം**

ശ്രീ. അഹമ്മദ് നജീബ്, കണ്ണിയൻ ചാത്തങ്ങോട്ട് പുറം, പോരൂർ എന്നവർ സമർപ്പിച്ച അപേക്ഷ, ഉപജില്ല സ്ഥിരം അദാലത്ത് സമിതി പരിഗണിച്ചു. 28/05/2020 ന് ഹർജിക്കാരൻ പോരൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തൻവർഷത്തെ ഭൂനികുതി രശീതി അപേക്ഷയോടൊപ്പം ഹാജരാക്കാത്തതിനാൽ പെർമിറ്റ് അനുവദിചിട്ടില്ലെന്നും സമർപ്പിച്ച പ്ലാൻ പ്രകാരം തന്നെയാണ് കെട്ടിടം നിർമ്മിക്കപ്പെട്ടിട്ടുള്ളത് എന്നും, തദ്ദേശ വകുപ്പിൽ നിന്ന് 835/2024-LSGD 09.05.24 ൽ ഇറക്കിയ ഉത്തരവ് പ്രകാരം 10.04.2023 തിയ്യതിക്ക് മുമ്പായി നൽകിയ അപേക്ഷകൾ മുഴുവൻ പഴയ അപേക്ഷയായി പരിഗണിച്ച് അതിനനുസരിച്ചുള്ള ഫീസുകൾ നൽകി പെർമിറ്റ് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ, പെർമിറ്റ് അനുവദിക്കണം എന്നും കാണിച്ചു കൊണ്ട് സമർപ്പിച്ച പരാതി പരിശോധിച്ചു. അപേക്ഷകൻറെ പ്രതിനിധിയായി ഹാജരായ ശ്രീ. അബ്ദുൽ കരീം കണ്ണിയൻ എന്നവർ പഴയ അപേക്ഷ പരിഗണിച്ച് അതിനനുസരിച്ചുള്ള ഫീസുകൾ ഈടാക്കി പെർമിറ്റ് അനുവദിക്കുവാനാണ് അപേക്ഷിച്ചത്.

പരാതിക്കാരനായ ശ്രീ. അഹമ്മദ് നജീബ് കണ്ണിയാൻ 28/05/2020 തിയ്യതിയിൽ പോരൂർ ഗ്രാമ പഞ്ചായത്തിൽ 823.64 ചതുരശ്ര മീറ്റർ വിസ്തീർണ്ണം ഉള്ള റെസിഡൻഷ്യൽ കെട്ടിടത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ടി അപേക്ഷയിൻമേൽ പോരൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ പരിശോധന നടത്തുകയും കേരള ബിൽഡിംഗ് റൂൾ പ്രകാരമാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത് എന്നും പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സൂക്ഷ്മ പരിശോധനയിൽ, സമർപ്പിച്ച പ്ലാനോടൊപ്പം ഹാജരാക്കിയ ഭൂനികുതി രസീത് പഴയതാണെന്നും തൻവർഷത്തെ രസീത് ഹാജരാക്കണം എന്നും നിർദ്ദേശിച്ച്കൊണ്ട് ഗ്രാമപഞ്ചായത്ത് 29/05/2020 ന് അപേക്ഷകന് A3-1989/2020 നമ്പർ കത്ത് നൽകിയതായി കാണുന്നു.

അപേക്ഷകൻ പ്രവാസി ആയതിനാൽ ടി കത്ത് തനിക്ക് കിട്ടിയിട്ടില്ലെന്നും വിഷയം അറിഞ്ഞപ്പോൾ ഭൂനികുതി രസീത് 22/08/ 2024ന് ഹാജരാക്കുകയും ആയതിനാൽ പെർമിറ്റ് അനുവദിച്ചു നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത അപേക്ഷയിൻ മേൽ അന്വേഷണം നടത്തിയ പോത്തുകൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ, കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ കെട്ടിട നിർമാണം ക്രമവത്കരിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 01 -10 -2024 ന് കെട്ടിടം ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച്കൊണ്ട് പഞ്ചായത്തിൽ നിന്നും പരാതിക്കാരന് 400851/GGDC08/GENERAL/2024/3215/(1) നമ്പർ കത്ത് നൽകി.

ഇതിനെതിരെ, 20/12/2024 തിയ്യതിയിൽ നടന്ന ബഹു. മന്ത്രിയുടെ കരുതലും കൈത്താങ്ങും നിലമ്പൂർ താലൂക്ക് തല അദാലത്തിൽ അപേക്ഷകൻ സമർപ്പിച്ച പരാതി സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി, കരുതലും കൈത്താങ്ങും നിലമ്പൂർ താലൂക്ക് തല സമിതി, നിർമ്മാണത്തിൽ എന്തെങ്കിലും violations ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ടി പരിശോധനയിൽ താഴെപ്പറയുന്ന ലംഘനങ്ങൾ ഉള്ളതായി പോത്തുകൽ ഗ്രാമ പഞ്ചായത്ത് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

1. പ്ലോട്ടിന്റെ തെക്ക് മൂലയിൽ(side1) സ്ഥിതി ചെയ്യുന്ന ആക്സസറി കെട്ടിടത്തിന് അതിരിൽ നിന്ന് KPBR Rule 26 Table 4, Rule 67 പ്രകാരമുള്ള മിനിമം സെറ്റ് ബാക്ക് പാലിക്കപ്പെടുന്നില്ല.

സമർപ്പിച്ച പ്ലാനിൽ വാച്ച് മാൻ/ സെക്യൂരിറ്റി ക്യാബിൻ പിഡബ്ല്യുഡി റോഡിൽ നിന്നും ആവശ്യമായ അകലം പാലിച്ചിട്ടില്ല. (നിലവിൽ പ്രസ്തുത സ്ട്രക്ചർ കേരള ബിൽഡിംഗ് റൂൾ പാലിക്കും പ്രകാരം മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്).

പെർമിറ്റ് ലഭിക്കാതെ നിർമ്മാണം പൂർത്തീകരിക്കപ്പെട്ടതിൽ, മേൽ ലംഘനം ഉള്ളതിനാൽ നിർമാണാനുമതി നൽകുന്നതിന് സാങ്കേതികമായ തടസ്സങ്ങൾ ഉണ്ട്. പഴയ അപേക്ഷ പരിഗണിച്ച് അതിനനുസരിച്ചുള്ള ഫീസുകൾ ഈടാക്കി പെർമിറ്റ് അനുവദിക്കുന്നതിന് ശ്രീ. അഹമ്മദ് നജീബ് കണ്ണിയൻ സമർപ്പിച്ച അപേക്ഷയിൽ തീരുമാനം കൈകൊള്ളാൻ സാധിക്കാത്തതിനാൽ ജില്ലാ അദാലത്ത് സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു .

ഇൻറേണൽ വിജിലൻസ് ഓഫീസർ
& കൺവീനർ

പകർപ്പ്-

ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക്

പരാതിക്കാർക്ക് രേഖാമൂലം നൽകുന്നതിനും തുടർ

നടപടി സ്വീകരിച്ച് പോർട്ടലിൽ സമയബന്ധിതമായി

അപ് ലോഡ് ചെയ്യുന്നതിനുമായി

സമിതി അംഗങ്ങൾക്ക് - അറിവിലേക്ക്

Signed by Narayanan P
Date: 30-07-2025 11:30:44

വിശ്വസ്തതയോടെ

NARAYANAN P
INTERNAL VIGILANCE OFFICER